**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **08-02-2023 - ൽ മറുപടിയ്ക്ക്**

**മിൽമയിലെ അന്വേഷണത്തിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമയിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളിൽ അന്വേഷണം നടത്തുന്നുണ്ടോ; | (എ) | മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനിൽ നടന്നതായി പരാതി ഉയർന്ന ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അന്വേഷണം നടത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | അംഗസംഘം പ്രസിഡണ്ടുമാരിൽ നിന്നും, ജീവനക്കാരിൽ നിന്നും, വിവിധ എംപ്ലോയീസ് യൂണിയനുകളിൽ നിന്നും, ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (സി) | കേരള സഹകരണ നിയമം ചട്ടം 65 പ്രകാരം അന്വേഷണം നടത്തി. തുടർന്ന് വകുപ്പ് 68 പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. എന്നാൽ കേരള ഹൈക്കോടതിയിൽ പരാതിക്കാർ നൽകിയ 10733/22 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം ടി കേസിന്റെ അന്തിമ വിധിക്ക് അനുസൃതമായേ നടപടി സ്വീകരിക്കാവൂ എന്നതിന്റെ അടിസ്ഥാനത്തിൽ അന്തിമവിധിയ്ക്കായി കാത്തിരിക്കുന്നു. |
| (ഡി) | ഓണത്തിന് സർക്കാർ നൽകിയ സൗജന്യ കിറ്റിൽ നെയ്യ് ഉൾപ്പെടുത്തുന്നതിന് കരാർ നൽകിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഈ സംബന്ധിച്ച പരാതി ക്ഷീരവികസന വകുപ്പിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ